പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 336** 14-07-2015 ൽ മറുപടിക്ക്

## കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ചേർന്നുള്ള വിപണി വിപുലീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.പാലോട് രവി**<br>**ശ്രീ.ജോസഫ് വാഴയ്ക്കൻ**<br>**ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ.എ.റ്റി.ജോർജ്** | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിപണി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ;<br><br>(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കാമോ ; | (എ) & (ബി) | ഉണ്ട്. വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയുക്ത സംരഭങ്ങൾക്കൊപ്പം തന്നെ വിപണി വിപുലീകരിക്കുന്നതിനു വേണ്ടി കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്നു വിവിധ മേഖലകളിലുള്ള സഹകരണം ഉറപ്പുവരുത്തുന്നുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപണന വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, നവീനമായ സങ്കേതികവിദ്യയുൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് ഈ സഹകരണം വഴി ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) & (ഡി) | ഇതിനായി സഹകരിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വീകരിച്ചുവരുന്ന നടപടികളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | | |

Hanu

സെക്ഷൻ ഓഫീസർ

## അനുബന്ധം

- മലബാർ സിമൻറ്സിന് ദീർഘകാലാടിസ്ഥാനത്തിൽ ചെലവ് കുറയ്ക്കുവാൻ വേണ്ടി കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി സഹകരിച്ച് ഒരു സിമൻറ് ബൾക്ക് ഹാൻറ്ലിങ്ങ് ടെർമിനൽ വെല്ലിങ്ങ്ടൺ ഐലൻറിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ള സ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി സിമൻറ് ലോജിസ്റ്റിക്സ് ഹബിനുള്ള സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സിമൻറ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് മലബാർ സിമൻറ്സിന് ക്ലിങ്കറും സിമൻറും ലഭ്യമാക്കി.

- കെ.എം.എം.എൽ.കേന്ദ്രപൊതുമേഖലാസ്ഥാപനമായ എം.എം.റ്റി.സി യുമായി ചേർന്ന് വിപണന വിപുലീകരണം നടത്തുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

- കെൽട്രോണിന്റെ പ്രവർത്തനവിപുലീകരണത്തിന്റെ ഭാഗമായി വി.എസ്.എസ്.സി യുമായി യോജിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. കൂടാതെ ഡിഫൻസ് ഇലക്ട്രോണിക്സ്, ഏറോസ്പേസ് ഇലക്ട്രോണിക്സ്, സെക്യൂരിറ്റി സർവൈലൻസ് എന്നീ മേഖലകളിൽ കേന്ദ്ര പ്രതിരോധ വകുപ്പുമായി സഹകരിച്ചുവരുന്നു. വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി സമാന മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്രപൊതുമേഖലാസ്ഥാപനമായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള പ്രാരംഭഘട്ട ചർച്ചകൾ നടന്നുവരുന്നു.

- സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സിന് വി.എസ്.എസ്.സിയിൽ നിന്നും കേന്ദ്ര പ്രതിരോധ വകുപ്പിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ട്. കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങളായ റെയിൽവേ, ബി.ഇ.എം.എൽ., ബി.എച്ച്.ഇ.എൽ., മിഥാനി എന്നിവയ്ക്കും ആവശ്യമായ ഫോർജിംഗുകൾ നൽകിവരുന്നു.

- കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്ക് ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി ലഭ്യമാക്കുന്നുണ്ട്.
- മേൽപ്പറഞ്ഞവ കൂടാതെ നേരത്തെ നടപ്പിലാക്കിയ ടെൽക്കും, എൻ.ടി.പി.സിയുമായി സഹകരിച്ചുള്ള പദ്ധതിയും, സ്റ്റീൽ കോമ്പ്ലക്സും സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യയുമായുള്ള സംയുക്ത പദ്ധതിയും (സെയിൽ-എസ്.സി.എൽ കേരളാ ലിമിറ്റഡ്), ഭാരത് ഹെവി ഇലക്ട്രിക്കത്സും കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുമായുള്ള സംയുക്ത സംരഭ പദ്ധതിയും പൂർണ്ണ നിലയിൽ പ്രാവർത്തികമാകുമ്പോൾ യഥാക്രമം ട്രാൻസ്ഫോമർ, സ്റ്റീൽ റോഡ് എന്നിവയുടെ വിപണിയും വിപുലീകരിക്കുന്നതാണ്.

(signature)
സെക്ഷൻ ഓഫീസർ